# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 119 — 02-03-2017 ൽ മറുപടിയ്ക്ക്

## സാഗരമാല പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.ആൻസലൻ<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. എം.രാജഗോപാലൻ<br>ശ്രീ. കെ.ജെ.മാക്സി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) തീരദേശമേഖലയുടെ സുസ്ഥിര വികസനം ഉറപ്പാക്കുന്ന കേന്ദ്ര സർക്കാരിന്റെ സാഗര മാല പദ്ധതി പരിഷ്കരിച്ച് സംസ്ഥാനത്ത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;<br><br>(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്തിന് ഏതൊക്കെ രീതിയിൽ ഗുണകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;<br><br>(ഡി) തീരദേശ സമൂഹത്തിന്റെ പൂർണ്ണ പങ്കാളിത്ത ത്തോടെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (എ) യും (ബി) യും (സി) യും (ഡി) യും | രാജ്യത്തെ തുറമുഖങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് 'സാഗരമാല'. തുറമുഖങ്ങളുടെ ആധുനികവത്കരണം, തുറമുഖങ്ങളുമായി ബന്ധപ്പെട്ട വ്യവസായവത്കരണം, കണക്ടിവിറ്റി, തീരദേശത്തെ ജനവിഭാഗങ്ങളുടെ സമഗ്ര വികസനം എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ. ടി പദ്ധതിയുടെ പ്രയോജനം സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചു വരികയാണ്. സാഗർമാലാ പദ്ധതിയിൽ ഉൾപ്പെടുത്തി അഴീക്കൽ തുറമുഖ വികസനത്തിനായി 3491/- കോടി രൂപയുടെ പദ്ധതി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ തീരദേശത്തെ ജനവിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതുമായി ബന്ധപ്പെട്ട കോസ്റ്റൽ കമ്മ്യൂണിറ്റി ഡവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്തിനോടടുത്ത് കിടക്കുന്ന 20 വാർഡുകളെ ഉൾപ്പെടുത്തി തയ്യാറാക്കിയ ശുപാർശയും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. തീരദേശത്തെ ജനങ്ങളുടെ കഴിവുകൾ വികസിപ്പിക്കുക, പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, വിദ്യാഭ്യാസം, ആരോഗ്യം, ശുദ്ധജല ലഭ്യത, വൈദ്യുതി, ശുചിത്വം എന്നിങ്ങനെ ടി ജനതയുടെ സമഗ്ര വികസനമാണ് പദ്ധതി ലക്ഷ്യമിടുന്നത്.<br><br>കൊല്ലം പാസഞ്ചർ ടെർമിനലും, കൊല്ലം, ബെയ്പൂർ, അഴീക്കൽ പോർട്ടുകളിലേക്കുള്ള റോഡ് കണക്ടിവിറ്റി, വിഴിഞ്ഞം തുറമുഖത്തിലേക്കുള്ള റയിൽ കണക്ടിവിറ്റി മുതലായവയും സംസ്ഥാനം നിർദ്ദേശിച്ചിട്ടുള്ള പദ്ധതികളാണ് . |

സെക്ഷൻ ഓഫീസർ